# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 303. 09.06.2014 ൽ മറുപടിയ്ക്ക്.

<u>ബസ് യാത്രാനിരക്ക് വർദ്ധന</u>

| | | | |
|---|---|---|---|
| | <u>ചോദ്യം</u><br>ശ്രീ. വി.ശശി<br>" കെ. രാജു<br>" ചിറ്റയം ഗോപകുമാർ | | <u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | 2011 - നുശേഷം സംസ്ഥാനത്ത് എത്ര പ്രാവശ്യം ബസ് യാത്രാനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; നിലവിലുണ്ടായിരുന്ന നിരക്കും ഓരോ പ്രാവശ്യവും വർദ്ധിപ്പിച്ച നിരക്കും എത്രവീതമാണെന്ന് വ്യക്തമാക്കുമോ ; | (എ) | 2 തവണ.<br>നിരക്ക് വർദ്ധനവ് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാം ; ഇതിൽ ഏതെല്ലാം ശുപാർശകളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) | ബസ് ചാർജ്ജ് വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളുടെ യാത്രാക്കൂലി, സാധാരണ കൂലിയുടെ 25% ആയി നിജപ്പെടുത്തുക, വിദ്യാർത്ഥികളുടെ കുറഞ്ഞ യാത്രാ നിരക്ക് 2 രൂപയാക്കുക. ഓരോ വർഷവും മെയ് 31 ന് 24 വയസ് പൂർത്തിയായവരെ വിദ്യാർത്ഥികളുടെ ഗണത്തിൽ നിന്നും ഒഴിവാക്കുക. |
| (സി) | നിരക്കുകൾ വർദ്ധിപ്പിച്ചതു പിൻവലിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഓർഡിനറി ബസുകൾ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല.<br>കൂടുതൽ ഓർഡിനറി ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ബസ്സുകളുടെ ലഭ്യതയും അവയിൽ നിന്നുള്ള കളക്ഷനും കൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഓർഡിനറി ബസുകളുടെ ഫെയർസ്റ്റേജ് നിർണ്ണയത്തിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) | ഫെയർസ്റ്റേജ് നിർണ്ണയത്തിൽ അപാകതകൾ നിലനില്ക്കുന്നുണ്ടെന്ന ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അതു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് രാമചന്ദ്രൻ കമ്മറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |
| (ഇ) | സംസ്ഥാനത്തെ ബസ് യാത്രാക്കൂലിയും അയൽ സംസ്ഥാനങ്ങളിലെ ബസ് യാത്രാക്കൂലിയും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

08.08.2011ൽ നിലവിലുണ്ടായിരുന്ന നിരക്ക്

| ക്രമ നം. | സർവ്വീസിന്റെ തരം | കി.മീ. നിരക്ക് (പൈസ ക്രമത്തിൽ) | മിനിമം നിരക്ക് (രൂപ ക്രമത്തിൽ) |
|---|---|---|---|
| 1 | സിറ്റി, ഓർഡിനറി | 55 | 5 |
| 2 | ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, | 57 | 7 |
| 3 | സിറ്റി ഫാസ്റ്റ് | 57 | 5 |
| 4 | സൂപ്പർ ഫാസ്റ്റ് | 60 | 10 |
| 5 | സൂപ്പർ എക്സ്പ്രസ് | 65 | 15 |
| 6 | സൂപ്പർ ഡീലക്സ് | 75 | 20 |
| 7 | ലക്ഷ്വറി/ഹൈടെക് എയർ കണ്ടീഷൻസ് | 90 | 30 |
| 8 | വോൾവോ | 110 | 30 |

11.11.2012ലെ നിരക്ക്

| ക്രമ നം. | സർവ്വീസിന്റെ തരം | കി.മീ. നിരക്ക് (പൈസ ക്രമത്തിൽ) | മിനിമം നിരക്ക് (രൂപ ക്രമത്തിൽ) |
|---|---|---|---|
| 1 | സിറ്റി, ഓർഡിനറി | 58 | 6 |
| 2 | സിറ്റി ഫാസ്റ്റ് | 62 | 6 |
| 3 | ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 62 | 8 |
| 4 | സൂപ്പർ ഫാസ്റ്റ് | 65 | 12 |
| 5 | സൂപ്പർ എക്സ്പ്രസ് | 70 | 17 |
| 6 | സൂപ്പർ ഡീലക്സ് | 80 | 25 |
| 7 | ലക്ഷ്വറി/ഹൈടെക് എയർ കണ്ടീഷൻസ് | 100 | 35 |
| 8 | വോൾവോ | 120 | 35 |

20.05.2014ലെ നിരക്ക്

| ക്രമ നം. | സർവ്വീസിന്റെ തരം | കി.മീ. നിരക്ക് (പൈസ ക്രമത്തിൽ) | മിനിമം നിരക്ക് (രൂപ ക്രമത്തിൽ) |
|---|---|---|---|
| 1 | സിറ്റി, ഓർഡിനറി | 64 | 7 |
| 2 | സിറ്റി ഫാസ്റ്റ് | 68 | 7 |
| 3 | ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 68 | 10 |
| 4 | സൂപ്പർ ഫാസ്റ്റ് | 72 | 13 |
| 5 | സൂപ്പർ എക്സ്പ്രസ് | 77 | 20 |
| 6 | സൂപ്പർ ഡീലക്സ് | 90 | 28 |
| 7 | ലക്ഷ്വറി/ഹൈടെക് എയർ കണ്ടീഷൻസ് | 110 | 40 |
| 8 | വോൾവോ | 130 | 40 |

സെക്ഷൻ ഓഫീസർ.